**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 988** **10-08-2023 - ൽ മറുപടിയ്ക്ക്**

**വനാതിർത്തി വേർതിരിക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിൽ 2019-20, 2020-21 കാലയളവിൽ വനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജണ്ടകളിൽ, വനം വിജിലൻസ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്ത ജണ്ടകളുടെ എണ്ണം, ആയതിനു ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ; നഷ്ടമായ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കിയോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം വനം ഡിവിഷനിൽ 2019-20, 2020-21 കാലയളവിൽവനാതിർത്തി വേർതിരിക്കൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ജണ്ടകളിൽ വനം വിജിലൻസ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തത് 218 ജണ്ടകളും ആയവയുടെ നിർമ്മാണത്തിനായി ചെലവായത് 20,86,466/- രൂപയുമാണ്. ടി 218 ജണ്ടകളിൽ ഭൂരിഭാഗവും തുടർന്ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതും, ബാക്കി പരിശോധന പൂർത്തിയാക്കി ജണ്ടകളുടെ എണ്ണം ലഭ്യമായാൽ മാത്രമേ കണക്കാക്കപ്പെട്ടിട്ടുള്ള നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | വനം വിജിലൻസിന്റെ പരിശോധനയിൽ വെരി ബാഡ്, ബാഡ്, മാനേജബിൾ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള ജണ്ടകളുടെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമേ; ഇവയുടെ പുനഃനിർമ്മാണത്തിനു എത്ര തുക വീതം ചെലവഴിക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; | (ബി) | വനം വിജിലൻസ് ജണ്ട പരിശോധന നടത്തിയത് സാംമ്പിൾ പരിശോധനയിലൂടെയാണ്. മേൽ രീതിയിലുള്ള പരിശോധനയിൽ കണ്ടെത്തിയ ജണ്ടകൾ വെരിബാഡ്-961 എണ്ണം, ബാഡ്-2226 എണ്ണം, മാനേജിബിൾ-746 എണ്ണം എന്നിങ്ങനെയാണ്. ആയതിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കാൻ പറ്റുന്നവ, പുന:നിർമ്മിക്കേണ്ടവ എന്നിവയുടെ പരിശോധനയും കണക്കെടുപ്പും പുരോഗമിച്ചു വരുന്നതേയുള്ളൂ. ആയത് പൂർത്തിയാക്കിയാൽ മാത്രമേ പുനർനിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായി വരുന്ന തുക കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പുനഃനിർമാണത്തിനാവശ്യമായ തുക കണ്ടെത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (സി) | പുനർനിർമ്മാണത്തിന് ആവശ്യമായ തുക പദ്ധതി ശീർഷകത്തിൽ ആദ്യം വകയിരുത്തുകയും, പിന്നീട് ജണ്ട നിർമ്മാണ പ്രവർത്തി ഏറ്റെടുത്ത് നഷ്ടം വരുത്തിയ കോൺട്രാക്ടറിൽ നിന്നും ടി പ്രവർത്തി മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കിയുമാണ് തുക കണ്ടെത്തുന്നത്. |
| (ഡി) | വകുപ്പിലെ അഴിമതി കേസുകൾ പോലീസ്, | (ഡി) | വകുപ്പിലെ അഴിമതി കേസുകൾ പോലീസ്, |

| | | | |
|---|---|---|---|
| | വിജിലൻസ് അന്വേഷണത്തിന് നൽകുന്നതിന്റെ അടിസ്ഥാന മാനദണ്ഡങ്ങളെന്താണെന്ന് വിശദമാക്കാമോ? | | വിജിലൻസ് അന്വേഷണത്തിന് നേരിട്ട് നൽകുന്നതിന് അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. എന്നാൽ ഇത്തരം വിഷയങ്ങളിൽ അതാത് സമയം ഇത്തരം അന്വേഷണത്തിന് വകുപ്പ് തലത്തിൽ നിന്നും ശുപാർശ ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ